പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 338

26.06.2012-ലെ മറുപടിയ്ക്ക്

**ഒഴുകുന്ന ത്രിവേണി സ്റ്റോർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>,, റ്റി.എൻ. പ്രതാപൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, വി.പി. സജീന്ദ്രൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) 'ഒഴുകുന്ന ത്രിവേണി സ്റ്റോർ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) വെള്ളത്താൽ ചുറ്റപ്പെട്ടതും കരമാർഗ്ഗമുള്ള സഞ്ചാര സൗകര്യവും ഷോപ്പിംഗ് സൗകര്യം കുറവുള്ളതും ആയ പ്രദേശങ്ങളിലെ ഉപഭോക്താക്കളുടെ ഷോപ്പിംഗ് സൗകര്യത്തിനുവേണ്ടി കൺസ്യൂമർ ഫെഡറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഒഴുകുന്ന ത്രിവേണി സ്റ്റോർ പദ്ധതി. ഒരു ത്രിവേണി സൂപ്പർ മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാ വിധത്തിലുംപെട്ട നിത്യോപയോഗ സാധനങ്ങൾ ഈ ഒഴുകുന്ന ത്രിവേണി സ്റ്റോറുകളിൽ ലഭ്യമാകുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) സർക്കാർ നിർദ്ദേശത്തോടെയും അനുവാദത്തോടെയുമാണ് കൺസ്യൂമർഫെഡ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർ വെൽഫയർ ഫണ്ടിൽ നിന്നും 90 ലക്ഷം രൂപ ഈ പദ്ധതി നടത്തുന്നതിന് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | വെള്ളത്താൽ ചുറ്റപ്പെട്ടതും കരമാർഗ്ഗമുള്ള സഞ്ചാര സൗകര്യവും ഷോപ്പിംഗ് സൗകര്യം കുറവുള്ളതും ആയ പ്രദേശങ്ങളിലാണ് ഒഴുകുന്ന ത്രിവേണികൾക്ക് ആവശ്യവും സാധ്യതയും ഉള്ളത്. സംസ്ഥാനത്തെ ഇപ്രകാരത്തിലുള്ള പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ